ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03-11-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.ഡിജിറ്റൽ കണക്ടിവിറ്റിയോടൊപ്പം അടിസ്ഥാന സൗകര്യ മേഖലയിലെ വികസനത്തിലും രാജ്യം മുന്നേറിയതായി രാഷ്ട്രപതി ദ്രൗപദി മുർമു.

President Droupadi Murmu said that the country has made progress in the development of infrastructure along with digital connectivity.

2. ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻറെ കേരള സന്ദർശനത്തിന് ഇന്ന് തുടക്കം. കൊല്ലം ഫാത്തിമ മാത നാഷണൽ കോളേജിൻറെ വജ്ര ജൂബിലി ആഘോഷത്തിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. സംസ്ഥാനം അതീവ സുരക്ഷയിൽ.

Vice President C.P. Radhakrishnan's Kerala visit begins today. The Vice President will participate in the diamond jubilee celebrations of Fatima Mata National College in Kollam. The state is under high security.

3. സാങ്കേതിക പരിവർത്തനത്തിന്റെ മാർഗദർശിയായി രാജ്യം മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ സയൻസ് ആൻഡ് ടെക്നോളജി ഇന്നൊവേഷൻ കോൺക്ലേവ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

Prime Minister Narendra Modi said that the state has become a pioneer of technological transformation. The Prime Minister inaugurated the Science and Technology Innovation Conclave in New Delhi.

4. കേരളത്തിൽ ഗർഭാശയഗള കാൻസർ പ്രതിരോധത്തിനായി ഹയർസെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് എച്ച് പി വി വാക്സിനേഷൻ നൽകുന്ന പദ്ധതിക്ക് തുടക്കമായി.

A project to provide HPV vaccination to higher secondary students to prevent cervical cancer has been launched in Kerala.

5. ബിഹാറിൽ ഒന്നാം ഘട്ട നിയമസഭ തെരഞ്ഞെടുപ്പിനുള്ള പരസ്യ പ്രചാരണം നാളെ അവസാനിക്കും. പ്രചാരണം ഊർജിതമാക്കി മുന്നണികൾ.

The public campaign for the first phase of assembly elections in Bihar will end tomorrow. Political parties have intensified the campaign.

6. വനിതാ ലോകകപ്പ് ക്രിക്കറ്റ് കിരീടം നേടിയ ടീം ഇന്ത്യക്ക് അഭിനന്ദനം അറിയിച്ച് രാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെ പ്രമുഖർ.

The President, Prime Minister and other dignitaries congratulated Team India for winning the Women's World Cup cricket title.

&&&&&&&&&&&&&&&&&

## HEADLINE-1

### PREZ-UTTARKHAND ADDRESS (INTRO)

*ഡിജിറ്റൽ കണക്ടിവിറ്റിയോടൊപ്പം അടിസ്ഥാന സൗകര്യ മേഖലയിലെ വികസനത്തിലും രാജ്യം മുന്നേറിയതായി രാഷ്ട്രപതി ദ്രൗപദി മുർമു. ഉത്തരാഖണ്ഡ് സംസ്ഥാന അസംബ്ലിയുടെ പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സമഗ്ര വികസന ശ്രമങ്ങളുടെ ഫലമായി സംസ്ഥാനത്തെ മാനവ വികസന സൂചികകളുടെ നിരവധി മാനദണ്ഡങ്ങളിൽ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു.*

*(ഹോൾഡ്-വോയിസ്- രാഷ്ട്രപതി )*

*സംസ്ഥാനത്ത് മാതൃ-ശിശു മരണ നിരക്കുകളിൽ കുറവുണ്ടായിട്ടുണ്ടെന്നും ആരോഗ്യ സേവനങ്ങൾ കൂടുതൽ പ്രാപ്യമാക്കാൻ സർക്കാർ ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും ശ്രീമതി മുർമു പറഞ്ഞു.*

&&&&&&&&&&&&&&&&&

## HEADLINE-2

## VP - KERALA

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ ഇന്ന് കേരളത്തിലെത്തും. ഉച്ചയ്ക്ക് തിരുവനന്തപുരത്ത് എത്തുന്ന അദ്ദേഹം ഹെലികോപ്ടറിൽ കൊല്ലത്തേക്ക് തിരിക്കും. വൈകിട്ട് മൂന്നിന് കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിൻറെ വജ്ര ജൂബിലി ആഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും. തുടർന്ന് കയർ കയറ്റുമതി ഫെഡറേഷൻ അംഗങ്ങളുമായി അദ്ദേഹം ആശയ വിനിമയം നടത്തും. തിരികെ തിരുവനന്തപുരത്തെത്തുന്ന ഉപരാഷ്ട്രപതി ഇന്ന് രാജ്ഭവനിൽ തങ്ങും. നാളെ രാവിലെ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ നടക്കുന്ന ചടങ്ങിൽ ശ്രീ സി.പി.രാധാകൃഷ്ണൻ സംബന്ധിക്കും. കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## VP - TRAFFIC

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്തും, കൊല്ലത്തും ഗതാഗത നിയന്ത്രണം. ഇന്ന് ഉച്ചയ്ക്കുശേഷം കൊല്ലം നഗരപരിധിയിലെ സ്കൂളുകൾക്ക് കളക്ടർ അവധി പ്രഖ്യാപിച്ചു. തിരുവനന്തപുരം നഗരത്തിൽ നാളെയും ഗതാഗത നിയന്ത്രണമുണ്ടാകും. സുരക്ഷാ നടപടികളും ശക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEADLINE-3

## DAY-PM- ESTIC( INTRO)

*രാജ്യം സാങ്കേതികവിദ്യയുടെ ഉപഭോക്താവ് മാത്രമല്ല, ഇപ്പോൾ സാങ്കേതിക പരിവർത്തനത്തിന്റെ ഒരു വഴികാട്ടിയായി മാറിയിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി . ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ എമർജിംഗ് സയൻസ് ആൻഡ് ടെക്നോളജി ഇന്നൊവേഷൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്ത് നൂതനാശയങ്ങളുടെ ആധുനിക ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനായി ഗവേഷണം എളുപ്പമാക്കുന്നതിനാണ് സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ലോകത്തിലെ ഏറ്റവും വിജയകരമായ ഡിജിറ്റൽ പൊതു അടിസ്ഥാന*

***സൗകര്യങ്ങൾ രാജ്യത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.***

***(വോയിസ് - പ്രധാനമന്ത്രി)***

***ചടങ്ങിൽ ഒരു ലക്ഷം കോടി രൂപയുടെ ഗവേഷണ വികസന-നവീകരണ പദ്ധതി ഫണ്ടും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.***

&&&&&&&&&&&&&&&&&&

## FM BAHRAIN VISIT

രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ബഹ്റൈൻ വിദേശകാര്യ മന്ത്രി അബ്ദുല്ലത്തീഫ് ബിൻ റാഷിദ് അൽസയാനി ഇന്നലെ ന്യൂഡൽഹിയിലെത്തി. സന്ദർശന വേളയിൽ വിദേശകാര്യ മന്ത്രി ജയ്ശങ്കറുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. അഞ്ചാമത് ഇന്ത്യ-ബഹ്റൈൻ ഹൈ ജോയിന്റ് കമ്മീഷൻ യോഗത്തിൽ ഇരു നേതാക്കളും സഹ-അധ്യക്ഷത വഹിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## TELANGANA-ACCIDENT

തെലങ്കാനയിലെ രംഗറെഡ്ഡി ജില്ലയിൽ ഇന്ന് രാവിലെ ഉണ്ടായ വാഹനാപകടത്തിൽ 19 പേർ മരിച്ചു. ഇരുചക്രവാഹനത്തെ മറികടക്കാൻ ശ്രമിക്കുന്നതിനിടെ ട്രക്ക് തെലങ്കാന RTC ബസിൽ ഇടിച്ചാണ് അപകടം. പരിക്കേറ്റ നിരവധിപേർ ചികിത്സയിലാണ്. പരിക്കേറ്റവർക്ക് അടിയന്തര വൈദ്യസഹായം ഉറപ്പാക്കാൻ മുഖ്യമന്ത്രി രേവന്ത് റെഡ്ഡി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി മരിച്ചവരുടെ കുടുംബത്തിന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## STRAY DOG - SC

തെരുവുനായശല്യം സംബന്ധിച്ച് സ്വമേധയാ എടുത്ത കേസ് സുപ്രീം കോടതിയുടെ മൂന്നംഗ പ്രത്യേക ബെഞ്ച് ഇന്ന് പരിഗണിച്ചു. സർക്കാർ

സ്ഥാനപനങ്ങളുടെ പരിസരത്ത് തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകുന്നത് നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉടൻ പുറപ്പെടുവിക്കുമെന്ന് സുപ്രീം കോടതി അറിയിച്ചു. വിഷയത്തിൽ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ചീഫ് സെക്രട്ടറിമാർ സത്യവാങ്മൂലം സമർപ്പിച്ചു. പശ്ചിമ ബംഗാളും തെലങ്കാനയുമൊഴികെ എല്ലാ സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശങ്ങളേയും ചീഫ് സെക്രട്ടറിമാരും നേരിട്ടു ഹാജരാകണമെന്ന് കോടതി നേരത്തെ നിർദേശം നൽകിയിരുന്നു.

&&&&&&&&&&&&&&&&&

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

&&&&&&&&&&&&&&&&&

## HEADLINE-4

## HPV VACCINATION

കേരളത്തിൽ ഗർഭാശയഗള കാൻസർ പ്രതിരോധത്തിനായി ഹയർസെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് എച്ച് പി വി വാക്സിനേഷൻ നൽകുന്ന പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ കൂത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലയിലാണ് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്. സ്ത്രീകളിൽ കണ്ടു വരുന്ന ഗർഭാശയഗള കാൻസർ അർബുദ അനുബന്ധ മരണ നിരക്ക് വർധിപ്പിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ

ആരോഗ്യ വിദഗ്ധരുടേയും ടെക്നിക്കൽ കമ്മിറ്റിയുടേയും യോഗം ചേർന്നാണ് വാക്സിനേഷൻ പദ്ധതിക്ക് അന്തിമ രൂപം നൽകിയത്.

&&&&&&&&&&&&&&&&&

## VOTERS LIST KERALA

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി BLO മാർ വീടുകൾ സന്ദർശിച്ച് എന്യുമറേഷൻ ഫോം നാളെ മുതൽ വിതരണം ചെയ്യും. അടുത്ത മാസം 4 ന് മുൻപ് പൂരിപ്പിച്ച ഫോമുകൾ തിരികെ നൽകണം. ഇതിന്റെ അടിസ്ഥാനത്തിൽ ഡിസംബർ 9 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. കരട് പട്ടിക സംബന്ധിച്ച പരാതികൾ 2026 ജനുവരി 8 ന് മുൻപ് സമർപ്പിക്കണം. അന്തിമ വോട്ടർ വോട്ടർ പട്ടിക ഫെബ്രുവരി 7 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

## HEADLINE-5

### BIHAR CAMPAIGNING

ബിഹാറിൽ ഒന്നാം ഘട്ട നിയമസഭ തെരഞ്ഞെടുപ്പിനുള്ള പരസ്യ പ്രചാരണം നാളെ അവസാനിക്കും. താരപ്രചാരകരും മുതിർന്ന നേതാക്കളും സ്ഥാനാർഥികൾക്കായി ഊർജ്ജിതമായി രംഗത്തുണ്ട് . ഒന്നാംഘട്ട പ്രചാരണത്തോടൊപ്പം രണ്ടാം ഘട്ട വോട്ടെടുപ്പിനുള്ള പ്രചാരണവും ഇന്ന് നടക്കും തെരഞ്ഞെടുപ്പ് റാലികളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ പ്രചാരണരംഗത്തുണ്ട്.

&&&&&&&&&&&&&&&&&&

### MURUGAN-SIR

തമിഴ്നാടിന് പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം ആവശ്യമാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുഗൻ. ഇന്ന് മുതൽ സംസ്ഥാനത്ത് എസ്ഐആർ പരിശോധന ആരംഭിച്ചതായും വോട്ടർ പട്ടിക പരിഷ്ക്കരണത്തിലൂടെ ഓരോ വോട്ടർക്കും ആത്മാർപ്പണത്തോടെ വോട്ടവകാശം വിനിയോഗിക്കാൻ കഴിയുമെന്നും അദ്ദേഹം ചെന്നൈയിൽ മാധ്യമങ്ങളോട് പറഞ്ഞു .

&&&&&&&&&&&&&&&&&&

### RAJASTHAN – ROAD ACCIDENT

രാജസ്ഥാനിൽ റോഡപകടത്തിൽ 15 പേർക്ക് ജീവൻ നഷ്ടപ്പെട്ട സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു. രാജസ്ഥാനിലെ ഫലോദി ജില്ലയിൽ ഭാരത്മാല എക്സ്പ്രസ് വേയിൽ ഇന്നലെ വൈകുന്നേരം ടെമ്പോ ട്രാവലർ ട്രക്കിലേക്ക് ഇടിച്ചുകയറിയായിരുന്നു അപകടം. അപകടത്തിൽ രണ്ടു പേർക്ക് പരിക്കേറ്റു .

&&&&&&&&&&&&&&&&&

## HEADLINE-6

## WOMEN S WORLD CUP

വനിതാ ലോകകപ്പ് ക്രിക്കറ്റിൽ രാജ്യത്തിന്റെ അഭിമാനം വാനോളം ഉയർത്തി ടീം ഇന്ത്യ. ഇന്നലെ മുംബൈയിൽ നടന്ന കലാശപ്പോരാട്ടത്തിൽ ദക്ഷിണാഫ്രിക്കയെ 52 റൺസിനു വീഴ്ത്തിയാണ് ഇന്ത്യ കന്നി കിരീടം ചൂടിയത്. ബാറ്റിങ്ങിലും ബോളിങ്ങിലും ഒരുപോലെ തിളങ്ങിയ, ദീപ്തി ശർമ, ഷെഫാലി വർമ എന്നിവരുടെ മികച്ച പ്രകടനമാണ് ഇന്ത്യക്ക് വിജയം സമ്മാനിച്ചത്. ലോകകപ്പ് കിരീടം നേടിയ ഇന്ത്യൻ വനിതകളെ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേരള മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ അഭിനന്ദിച്ചു. വിജയിച്ച ടീമിന് ഏകദേശം 37.3 കോടി രൂപയാണ് പാരിതോഷികം ലഭിക്കുക. എക്കാലത്തെയും ഉയർന്ന സമ്മാനത്തുകയാണിത്.

&&&&&&&&&&&&&&&&&

## GST REFORMS- AGRICULTURE

രാജ്യത്ത് നിലവിൽ വന്ന പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ കാർഷിക മേഖലയിൽ ഗണ്യമായ നികുതി ഇളവുകൾക്ക് കാരണമായതായി കേന്ദ്ര സർക്കാർ. 1800 സിസിയിൽ താഴെയുള്ള ട്രാക്ടറുകളുടെ ജിഎസ്ടി 5 ശതമാനമായി കുറച്ചത് ചെറുകിട, ഇടത്തരം കർഷകർക്ക് ആശ്വാസമായി. വിവിധ കാർഷിക യന്ത്രങ്ങളുടെ ജിഎസ്ടി 5 ശതമാനമായി കുറച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കാനും, വിള ഉൽപാദനം മെച്ചപ്പെടുത്താനും ഇത് വഴിയൊരുക്കും.

&&&&&&&&&&&&&&&&&&

**PALIYEKKARA TOLL**

തൃശ്ശൂർ പാലിയേക്കരയിൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ഇടക്കാല സമിതി ശ്രദ്ധയിൽപ്പെടുത്തിയ കാര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി. ഇത് സംബന്ധിച്ച് ദേശീയപാത അതോറിട്ടിക്കാണ് നിർദേശം നൽകിയത്. സമയബന്ധിതമായി ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനും കോടതി ഉത്തരവിട്ടു. NH-544 ലെ ഗതാഗത തടസ്സവുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിട്ട് ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&